ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 22.01.2026**

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ തിരുവനന്തപുരത്ത്. വിവിധ പരിപാടികളിൽ പങ്കെടുക്കും. നഗരത്തിൽ നാളെ ഗതാഗത നിയന്ത്രണം.

2. ശബരിമല സ്വർണ്ണക്കൊള്ള കേസിൽ പ്രതിപക്ഷ ബഹളത്തെ തുടർന്ന് നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ച ചൊവ്വാഴ്ച തുടരും.

3. എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി നിയമനത്തിൽ സർക്കാരിന് തുറന്ന സമീപനമാണുള്ളതെന്ന് മന്ത്രി വി ശിവൻകുട്ടി.

4. കണ്ണൂർ തയ്യിലിൽ ഒന്നര വയസുകാരനെ കടലിലെറിഞ്ഞ് കൊലപ്പെടുത്തിയ കേസിൽ അമ്മ ശരണ്യയ്ക്ക് ജീവപര്യന്തം തടവും ഒരു ലക്ഷം രൂപ പിഴയും.

5. 5.ശബരിമല സ്വർണക്കൊള്ള കേസിൽ തന്ത്രി കണ്ഠരര് രാജീവരെ ഒരുദിവസത്തേക്ക് പ്രത്യേക അന്വേഷണസംഘത്തിൻറെ കസ്റ്റഡിയിൽ വിട്ടു.

6. സന്തോഷ് ട്രോഫി ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ പഞ്ചാബിനെതിരെ കേരളത്തിന് വിജയ തുടക്കം.

RNU TVPM

## പ്രധാനമന്ത്രി സന്ദർശനം -1

പ്രധാനമന്ത്രി നരേന്ദ്ര മോദി ഒരു ദിവസത്തെ സന്ദർശനത്തിനായി നാളെ തിരുവനന്തപുരത്ത് എത്തും. പുത്തരിക്കണ്ടം മൈതാനിയിൽ രണ്ടു വ്യത്യസ്ത പരിപാടികളിൽ അദ്ദേഹം പങ്കെടുക്കും. കേരളത്തിന് അനുവദിച്ച പുതിയ 4 ട്രെയിനുകളുടെ ഉദ്ഘാടനം പ്രധാനമന്ത്രി നിർവഹിക്കും. ബിജെപി സംഘടിപ്പിക്കുന്ന പരിപാടിയിൽ തുടർന്ന് പങ്കെടുക്കുന്ന അദ്ദേഹം തിരുവനന്തപുരത്തിനായുള്ള നഗര വികസന രേഖയുടെ പ്രഖ്യാപനം ചടങ്ങിൽ നടത്തും. തിരുവനന്തപുരം ബയോ-360 ലൈഫ് സയൻസസ് പാർക്കിലെ CSIR–NIIST ഇന്നൊവേഷൻ ടെക്നോളജി ആൻഡ് ഓൻട്രപ്രണർഷിപ്പ് ഹബ്ബിൻറെ ശിലാസ്ഥാപനവും പ്രധാനമന്ത്രി നിർവഹിക്കും.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**പ്രധാനമന്ത്രി-സന്ദർശനം(ഇൻട്രോ)**

പ്രധാനമന്ത്രിയുടെ സന്ദർശനത്തിനു മുന്നോടിയായി തലസ്ഥാനത്തെ സുരക്ഷാസന്നാഹങ്ങൾ കൂടുതൽ ശക്തമാക്കി.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി ........***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

## നിയമസഭ-1

ശബരിമല സ്വർണ്ണക്കൊള്ള വിഷയത്തിൽ പ്രതിപക്ഷ ബഹളത്തെ തുടർന്ന് സംസ്ഥാന നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു. അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകാതെ ശബരിമല വിഷയം നേരിട്ട് സഭയിൽ ഉയർത്തി പ്രതിപക്ഷം പ്രതിഷേധിക്കുകയായിരുന്നു.

സ്പീക്കർക്ക് മുന്നിൽ ബാനർ ഉയർത്തിയായിരുന്നു പ്രതിഷേധം. ഒരു നോട്ടീസ് പോലും നൽകാതെ പ്രതിഷേധിക്കുന്നത് ശരിയായ രീതി അല്ലെന്ന് സ്പീക്കർ കുറ്റപ്പെടുത്തി. ശബരിമല സ്വർണ്ണ കവർച്ചയുമായി ബന്ധപ്പെട്ട് മുൻ ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ രാജിവെക്കണമെന്ന് പ്രതിപക്ഷ നേതാവ് വിഡി സതീശൻ സഭയിൽ ആവശ്യപ്പെട്ടു. ചരിത്രത്തിൽ ആദ്യമായി അടിയന്തര പ്രമേയത്തിനുള്ള അവകാശം പ്രതിപക്ഷം ഉപയോഗിച്ചില്ലെന്ന് മന്ത്രി എം ബി രാജേഷ് പറഞ്ഞു. ശബരിമല സ്വർണ്ണക്കൊള്ളക്കേസിൽ സോണിയ ഗാന്ധിയുടെ കാര്യത്തിൽ പ്രതിപക്ഷം എന്തുകൊണ്ട് മിണ്ടുന്നില്ലെന്ന് മന്ത്രി വി ശിവൻകുട്ടി സഭയിൽ ചോദിച്ചു. അന്തരിച്ച മുൻ സാമാജികർക്ക് ചരമോപചാരം അർപ്പിച്ചായിരുന്നു സഭ രാവിലെ ആരംഭിച്ചത്.

RFU TVPM

## നിയമസഭ

കേരള നിയമസഭയുടെ ബജറ്റ് സമ്മേളനത്തിൻറെ മൂന്നാം ദിവസം ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന്മേൽ നന്ദിപ്രമേയം ടി പി രാമകൃഷ്ണൻ അവതരിപ്പിച്ചു . മന്ത്രിസഭാ തീരുമാനങ്ങളെ ലംഘിച്ചുകൊണ്ടാണ് ഗവർണർ പ്രസംഗം അവതരിപ്പിച്ചതെന്ന് ടി പി രാമകൃഷ്ണൻ സഭയിൽ പറഞ്ഞു. ഈ സാഹചര്യത്തിൽ ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കാൻ സർക്കാർ സ്വീകരിച്ച നടപടി മാതൃകാപരമാണെന്നും അദ്ദേഹം പറഞ്ഞു. നന്ദി പ്രമേയത്തിന് മേലുള്ള ചർച്ച ചൊവ്വാഴ്ച തുടരുമെന്ന് സ്പീക്കർ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

## വി ശിവൻകുട്ടി-നിയമസഭ

എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി നിയമനത്തിൽ സർക്കാരിന് തുറന്ന സമീപനമാണുള്ളതെന്ന് മന്ത്രി വി ശിവൻകുട്ടി. എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട് സെബാസ്റ്റ്യൻ കുളത്തുങ്കൽ എംഎൽഎ ഉന്നയിച്ചിട്ടുള്ള സബ്മിഷന് സഭയിൽ മറുപടി നൽകുകയായിരുന്നു മന്ത്രി. അധ്യാപകർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ എത്രയും വേഗം ലഭ്യമാക്കുന്നതിന് സുപ്രീം കോടതിയിൽ നിന്ന് അനുകൂല ഉത്തരവ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണെന്നും മന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**രാംദാസ് അഠാവലെ**

കേന്ദ്ര സാമൂഹിക നീതി ശാക്തീകരണ വകുപ്പ് സഹമന്ത്രി രാംദാസ് അഠാവലെയുടെ കേരള സന്ദർശനം പുരോഗമിക്കുന്നു. ഇന്ന് കോഴിക്കോട് ജില്ലയിൽ സാമൂഹ്യ നീതി വകുപ്പിൻറെ ഉദ്യോഗസ്ഥ തല യോഗത്തിൽ കേന്ദ്രസഹമന്ത്രി സംബന്ധിക്കും. തുടർന്ന് വാർത്താസമ്മേളനവും നടത്തും.

❁❁❁❁❁❁❁❁❁❁❁❁❁

**ഗതാഗത നിയന്ത്രണം**

താമരശ്ശേരി ചുരത്തിലെ ആറാം വളവിൽ മുറിച്ചിട്ട മരങ്ങൾ മാറ്റുന്നതിന്റെയും റോഡ് അറ്റകുറ്റ പണികളുടെയും ഭാഗമായി ഇന്നും നാളെയും ഗതാഗത നിയന്ത്രണം ഏർപ്പെടുത്തും. യാത്രക്കാർ ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തണം. മൾട്ടി ആക്സിൽ വാഹനങ്ങളും ഭാരമുള്ള വാഹനങ്ങളും നാടുകാണി ചുരം വഴിയോ കുറ്റ്യാടി ചുരം വഴിയോ പോകേണ്ടതാണെന്നും അധികൃതർ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**പാലക്കാട്(ഇൻട്രോ)**

സംസ്ഥാനത്ത് രണ്ടാം വിള നെല്ല് സംഭരണത്തിനായി 31 മില്ലുകൾ സപ്ലൈക്കോയുമായി കാരാർ ഒപ്പിട്ടു. പാലക്കാട്

RNU TVPM

ഒഴികെയുള്ള ജില്ലകളിലാണ് മുമ്പത്തെപ്പോലെ സ്വകാര്യ മില്ലുകൾ വഴി നെല്ലെടുപ്പ് നടക്കുക.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്....***

***(വോയിസ്)***

❋❋❋❋❋❋❋❋❋❋❋❋❋

**ചർച്ച**

കേന്ദ്ര സർക്കാരിൻറെ വിവിധ പദ്ധതികളെകുറിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കുന്ന പ്രത്യേക ചർച്ചകൾ തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ പ്രക്ഷേപണം ചെയ്യുന്നു. സർക്കാർ പദ്ധതികളെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ ജനങ്ങളിലെത്തിക്കുകയാണ് ലക്ഷ്യം. നാരി ശക്തി വന്ദൻ അധിനിയം എന്ന വിഷയത്തെക്കുറിച്ച് ഇന്ന് ഉച്ചയ്ക്ക് 1.45 ന് പ്രക്ഷേപണം ചെയ്യുന്ന പരിപാടിയിൽ ദേശീയ വനിതാ കമ്മീഷൻ ഉപദേശക സമിതിയംഗം അഡ്വ. ജി അഞ്ജന ദേവി സംസാരിക്കും.

RNUTVPM

❋❋❋❋❋❋❋❋❋❋❋❋❋

**ഇടുക്കി (ഇൻട്രോ)**

ഇടുക്കി ജില്ലയിലെ ആദ്യ കുടുംബശ്രീ പ്രീമിയം കഫേ റസ്റ്റോറന്റ് വാഗമണ്ണിൽ പ്രവർത്തനം ആരംഭിച്ചു.

വിനോദസഞ്ചാരികൾക്ക് ഗുണമേന്മയുള്ള ഭക്ഷണവും ആധുനിക സൗകര്യങ്ങളും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ സംരംഭം ഒരുക്കിയിരിക്കുന്നത്. സംസ്ഥാനത്തെ പതിനഞ്ചാമത് കുടുംബശ്രീ പ്രീമിയം കഫേയാണിത്.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ......***

***(വോയിസ്)***

**തയ്യിൽ- ശിക്ഷാവിധി**

കണ്ണൂർ തയ്യിലിൽ ഒന്നര വയസുകാരനെ കടലിലെറിഞ്ഞ് കൊലപ്പെടുത്തിയ കേസിൽ അമ്മ ശരണ്യയ്ക്ക് ജീവപര്യന്തം തടവും ഒരു ലക്ഷം രൂപ പിഴയും ശിക്ഷ വിധിച്ചു. തളിപ്പറമ്പ് അഡീഷനൽ സെഷൻസ് കോടതി ജഡ്ജി കെ. എൻ പ്രശാന്താണ് ശിക്ഷ വിധിച്ചത്. അപൂർവ്വങ്ങളിൽ അപൂർവ്വമായ സംഭവമായതിനാൽ പ്രതിക്ക് വധ ശിക്ഷ നൽകണമെന്ന പ്രൊസിക്യൂഷൻവാദം കോടതി പരിഗണിച്ചില്ല. അമ്മ കുറ്റക്കാരിയെന്ന് കഴിഞ്ഞ തിങ്കളാഴ്ച കോടതി വിധിച്ചിരുന്നു.

RNUTVPM

## ശബരിമല സ്വർണക്കൊള്ള

ശബരിമല സ്വർണക്കൊള്ള കേസിൽ അറസ്റ്റിലായ തന്ത്രി കണ്ഠരര് രാജീവരെ ഒരുദിവസത്തേക്ക് പ്രത്യേക അന്വേഷണസംഘത്തിൻ്റെ കസ്റ്റഡിയിൽ വിട്ടു. തന്ത്രിയെ കസ്റ്റഡിയിൽ വേണമെന്ന SIT യുടെ അപേക്ഷയിലാണ് കൊല്ലം വിജിലൻസ് കോടതിയുടെ നടപടി. തന്ത്രിയുടെ ജാമ്യാപേക്ഷ കോടതി ഈമാസം 28 ന് പരിഗണിക്കും. ചോദ്യംചെയ്യശേഷം തന്ത്രിയെ ഇന്ന് വൈകിട്ട് കോടതിയിൽ ഹാജരാക്കും.

RNU TVPM

## സന്തോഷ് ട്രോഫി(ഇൻട്രോ)

79-ാം സന്തോഷ് ട്രോഫി ഫുട്ബോൾ ടൂർണമെന്റിൽ ഗ്രൂപ്പ് ബിയിലെ ആദ്യ മത്സരത്തിൽ പഞ്ചാബിനെതിരെ കേരളത്തിന് ജയം. ഒന്നിനെതിരെ മൂന്ന് ഗോളുകൾക്കാണ് കേരളം പഞ്ചാബിനെ വീഴ്ത്തിയത്. അസമിലെ സിലാപതാർ സ്റ്റേഡിയത്തിലായിരുന്നു മത്സരം.

***ആകാശവാണി പ്രതിനിധി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്.***

***(ഹോൾഡ് വോയ്സ്........)***

## ക്രിക്കറ്റ് ടിക്കറ്റ് വിൽപന

ഈ മാസം 31-ന് തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടക്കാനിരിക്കുന്ന ഇന്ത്യ-ന്യൂസിലൻഡ് ട്വന്റി-20 മത്സരത്തിന്റെ ടിക്കറ്റ് വിൽപനയ്ക്ക് ഔദ്യോഗിക തുടക്കമായി. ഏറ്റവും കുറഞ്ഞ നിരക്കായ 250 രൂപയ്ക്ക് വിദ്യാർത്ഥികൾക്ക് മത്സരം കാണാൻ അവസരമുണ്ടാകും. അപ്പർ ടയർ സീറ്റുകൾക്ക് 500 രൂപയും ലോവർ ടയർ സീറ്റുകൾക്ക് 1200 രൂപയുമാണ് നിശ്ചിയച്ചിരിക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

## വനിതാ ക്രിക്കറ്റ്

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ജയന്റ്സ് യുപി വാരിയേഴ്സിനെ നേരിടും. രാത്രി 7.30 വഡോദര അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം. പോയിന്റ് പട്ടികയിൽ യുപി മൂന്നാമതും ഗുജറാത്ത് അഞ്ചാമതുമാണ്.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 25 ന്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ

1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ നാളെ വരെ അറിയിക്കാം.

**മന്ത്രി വി എൻ വാസവൻ**

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനത്തിൻ്റെ ഉദ്ഘാടനം മറ്റന്നാൾ നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിക്കും. കേന്ദ്ര തുറമുഖ വകുപ്പ് മന്ത്രി സർബാനന്ദ സോനോവാൾ മുഖ്യാതിഥിയായാകും.

RNUTVPM